# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ജനുവരി 29

# വാർത്താക്കുറിപ്പ്

---

## പരീക്ഷ തീയതി

ഏഴാം സെമസ്റ്റർ ബി.എച്ച്.എം. (2015 അഡ്മിഷൻ റഗുലർ/2013, 2014 അഡ്മിഷൻ സപ്ലിമെന്ററി, പഴയ സ്കീം - 2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി എട്ടിന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 31 വരെയും 500 രൂപ പിഴയോടെ ഫെബ്രുവരി ഒന്നു വരെയും 1000 രൂപ സൂപ്പർഫൈനോടെ രണ്ടുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/163/2019)

രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (2017 അഡ്മിഷൻ റഗുലർ, സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി എട്ടിന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 31 വരെയും 500 രൂപ പിഴയോടെ ഫെബ്രുവരി ഒന്നു വരെയും 1000 രൂപ സൂപ്പർഫൈനോടെ രണ്ടുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/164/2019)

## പരീക്ഷ ഫലം

2018 നവംബറിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. സൈക്കോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/165/2019)

2018 മെയിൽ നടന്ന മൂന്നും നാലും സെമസ്റ്റർ ബി.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 13 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/166/2019)

2018 ഓഗസ്റ്റിൽ നടന്ന എം.എഫ്.എ. അപ്ലൈഡ് ആർട്ട്, പെയിന്റിംഗ്, സ്കൾപ്ചർ റഗുലർ/സപ്ലിമെന്ററി (പ്രീവിയസ്/ഫൈനൽ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/167/2019)

2018 മെയിൽ സീപാസിൽ നടന്ന മൂന്നാം സെമസ്റ്റർ എം.സി.എ. (2016 അഡ്മിഷൻ റഗുലർ/ലാറ്ററൽ എൻട്രി, 2017 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/168/2019)

2018 ഒക്ടോബറിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് – പഞ്ചവത്സരം - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/169/2019)

2018 ഒക്ടോബറിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം / 4 പി.എം.-9 പി.എം. - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/170/2019)

**പ്രൊഫ. എം.എസ്. ജിഷയ്ക്ക്**

**വിശിഷ്ട വനിത പുരസ്കാരം**

വീനസ് ഇന്റർനാഷണൽ ഫൗണ്ടേഷന്റെ നാലാമത് രാജ്യാന്തര വനിതാ അവാർഡുകളിൽ കൃഷിശാസ്ത്ര രംഗത്തെ വിശിഷ്ട വനിതയ്ക്കുള്ള പുരസ്കാരത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസസിലെ അധ്യാപിക പ്രൊഫ. എം.എസ്. ജിഷയെ തെരഞ്ഞെടുത്തു. കൃഷി ശാസ്ത്രത്തിൽ മൈക്രോബയോളജിയിൽ നൽകിയ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരത്തിന് തെരഞ്ഞെടുത്തത്. മാർച്ച് രണ്ടിന് ചെന്നൈയിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം വിതരണം ചെയ്യും.

(പി.ആർ.ഒ./39/171/2019)

**ഫോട്ടോ ക്യാപ്ഷൻ**

**പ്രൊഫ. എം.എസ്. ജിഷ**

**രസതന്ത്ര നൊബേൽ സമ്മാന ജേത്രി അദ ഇ യോനാത്ത്**

**ഫെബ്രുവരി അഞ്ചിന് എം.ജി. സർവകലാശാലയിൽ**

രസതന്ത്രത്തിനുള്ള നൊബേൽ സമ്മാനം നേടിയ അദ ഇ യോനാത്ത് ഫെബ്രുവരി അഞ്ചിനും ആറിനും മഹാത്മാ ഗാന്ധി സർവകലാശാലയിൽ പ്രഭാഷണം നടത്തും. ഇസ്രയേലുകാരിയായ അദയ്ക്ക് 2009ലാണ് നൊബേൽ സമ്മാനം ലഭിച്ചത്. റൈബോസോമുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾക്കാണ് ഇന്ത്യൻ വംശജനായ ബയോളജിസ്റ്റ് വെങ്കട്ടരാമൻ രാമകൃഷ്ണനും അമേരിക്കൻ ബയോഫിസിസ്റ്റായ തോമസ് സ്റ്റീറ്റ്സിനുമൊപ്പം നൊബേൽ സമ്മാനം പങ്കിട്ടത്. എൺപതുകാരിയായ അദ യോനാത്ത് 45-ാം വയസിലാണ് നൊബേൽ സമ്മാനം നേടിയത്. പശ്ചിമേഷ്യയിൽ നിന്ന് നൊബേൽ സമ്മാനം നേടുന്ന ആദ്യ വനിതയാണ്. പ്രോട്ടീൻ പരലുകളെക്കുറിച്ചുള്ള പഠനങ്ങളിൽ പ്രശസ്തയാണ് അദ. ആന്റി ബയോട്ടിക്കുകളുടെ ആറ്റോമിക് ഘടനകളും അവ കോശങ്ങളുടെ പ്രവർത്തനങ്ങളിൽ വരുത്തുന്ന സ്വാധീനത്തെക്കുറിച്ചും നിരവധി പഠനങ്ങൾ നടത്തിയിട്ടുണ്ട്. 41 സർവകലാശാലകൾ ഓണററി ഡോക്ടറേറ്റ്, പ്രൊഫസർ പദവികൾ നൽകി ആദരിച്ചിട്ടുണ്ട്. ശാസ്ത്രരംഗത്ത് മികച്ച സംഭാവനകൾക്കുള്ള ഇന്ത്യൻ പ്രധാനമന്ത്രിയുടെ 2017ലെ സ്വർണമെഡലടക്കം രാജ്യാന്തരതലത്തിൽ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

ഫെബ്രുവരി അഞ്ചിന് രാവിലെ 10ന് സർവകലാശാലയിൽ ജ്ഞാന പ്രഭാഷണം നടത്തും. വിദ്യാർഥികളുമായും അധ്യാപകരുമായും സംവദിക്കും. ഫെബ്രുവരി ആറിന് മാധ്യമപ്രവർത്തകരുമായും സ്കൂൾ വിദ്യാർഥികളുമായും കൂടിക്കാഴ്ച നടത്തും. പ്രഭാഷണ പരിപാടിയിലും സംവാദങ്ങളിലും സ്കൂൾ വിദ്യാർഥികൾക്കടക്കം പങ്കെടുക്കാമെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു.

(പി.ആർ.ഒ./39/172/2019)

**ഫോട്ടോ ക്യാപ്ഷൻ**

**അദ ഇ യോനാത്ത്**

**എം.ജി.യിൽ രക്തസാക്ഷിത്വ ദിനാചരണം**

ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജീവൻ ബലി കഴിച്ചവരുടെ സ്മരണാർഥം ഇന്ന് (ജനുവരി 30) മഹാത്മാ ഗാന്ധി സർവകലാശാലയിൽ രക്തസാക്ഷിത്വ ദിനാചരണം സംഘടിപ്പിക്കും. രാവിലെ 11 മുതൽ രണ്ട് മിനിട്ട് മൗനം ആചരിക്കും. സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലും ഓഫീസുകളിലും രക്തസാക്ഷിത്വ ദിനാചരണം നടക്കും.

(പി.ആർ.ഒ./39/173/2019)

**പഠനവൈകല്യം നേരിടാൻ ഇടപെടൽ;**

**ത്രിദിന രാജ്യാന്തര സെമിനാറിന് തുടക്കം**

സർവകലാശാലകളിൽ രാജ്യാന്തര സെമിനാറുകൾ അറിവ് പങ്കുവയ്ക്കാനുള്ള അവസരമായി ഉപയോഗപ്പെടുത്തണമെന്ന് എം.ജി. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ് (ഐ.ആർ.എൽ.ഡി.) സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ആരംഭിച്ച 'പഠനവൈകല്യം നേരിടുന്നതിന് ഫലവത്തായ ഇടപെടൽ' എന്ന വിഷയത്തിൽ നടത്തിയ ത്രിദിന രാജ്യാന്തര സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സിൻഡിക്കേറ്റംഗം പ്രൊഫ. ജയചന്ദ്രൻ, പ്രൊഫ. അരവിന്ദകുമാർ,

ഗായത്രി രവീഷ്, പ്രൊഫ. രാജീവ് കുമാർ, പ്രൊഫ. സുകുമാരൻ, ഡോ. കെ.എം. മുസ്തഫ, ജിബിൻ ജോർജ് എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ./39/174/2019)

## ഫോട്ടോ ക്യാപ്ഷൻ

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ് (ഐ.ആർ.എൽ.ഡി.) സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ആരംഭിച്ച 'പഠനവൈകല്യം നേരിടുന്നതിന് ഫലവത്തായ ഇടപെടൽ' എന്ന വിഷയത്തിൽ നടത്തിയ ത്രിദിന രാജ്യാന്തര സെമിനാർ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560
ഫോൺ : 0481 – 2733298, മൊബൈൽ : 9495119702

2019 ജനവരി 29

വാർത്താക്കുറിപ്പ് 2

**ഒന്നാമത്തെ പ്രസ് റിലീസിൽ അയച്ച ഈ വാർത്തയിൽ അടിസ്ഥാനപരമായ ചില തിരുത്തലുകളുണ്ട്. ദയവായി ഇത് ഉപയോഗിക്കുക.**

രസതന്ത്ര നൊബേൽ സമ്മാന ജേതാവ് അദ ഇ യോനാത്ത് ഫെബ്രുവരി അഞ്ചിന് എം.ജി. സർവകലാശാലയിൽ

രസതന്ത്രത്തിനുള്ള നൊബേൽ സമ്മാനം നേടിയ അദ ഇ യോനാത്ത് ഫെബ്രുവരി അഞ്ചിനും ആറിനും മഹാത്മാ ഗാന്ധി സർവകലാശാലയിൽ പ്രഭാഷണം നടത്തും. ഇസ്രയേലുകാരിയായ അദയ്ക്ക് 2009 ലാണ് നൊബേൽ സമ്മാനം ലഭിച്ചത്. റൈബോസോമുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾക്കാണ് ഇന്ത്യൻ വംശജനായ ബയോളജിസ്റ്റ് വെങ്കട്ടരാമൻ രാമകൃഷ്ണനും അമേരിക്കൻ ബയോഫിസിസ്റ്റായ തോമസ് സ്റ്റീറ്റ്സിനുമൊപ്പം നൊബേൽ സമ്മാനം പങ്കിട്ടത്.

പശ്ചിമേഷ്യയിൽ നിന്ന് നൊബേൽ സമ്മാനം നേടുന്ന ആദ്യ വനിതയാണ്. പ്രോട്ടീൻ പരലുകളെക്കുറിച്ചുള്ള പഠനങ്ങളിൽ പ്രശസ്തയാണ് അദ. ആന്റി ബയോട്ടിക്കുകളുടെ ആറ്റോമിക് ഘടനകളും അവ കോശങ്ങളുടെ പ്രവർത്തനങ്ങളിൽ വരുത്തുന്ന സ്വാധീനത്തെക്കുറിച്ചും നിരവധി പഠനങ്ങൾ നടത്തിയിട്ടുണ്ട്. 41 സർവകലാശാലകൾ ഓണററി ഡോക്ടറേറ്റ്, പ്രൊഫസർ പദവികൾ നൽകി ആദരിച്ചിട്ടുണ്ട്. ശാസ്ത്രരംഗത്ത് മികച്ച സംഭാവനകൾക്കുള്ള ഇന്ത്യൻ പ്രധാനമന്ത്രിയുടെ 2017 ലെ സ്വർണമെഡലടക്കം രാജ്യാന്തരതലത്തിൽ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

എൺപതുകാരിയായ അദ യോനാത്ത് ഫെബ്രുവരി അഞ്ചിന് രാവിലെ 10ന് സർവകലാശാലയിൽ ജ്ഞാന പ്രഭാഷണം നടത്തും. വിദ്യാർഥികളുമായും അധ്യാപകരുമായും സംവദിക്കും. ഫെബ്രുവരി ആറിന് മാധ്യമപ്രവർത്തകരുമായും സ്കൂൾ വിദ്യാർഥികളുമായും കൂടിക്കാഴ്ച നടത്തും. പ്രഭാഷണ പരിപാടിയിലും സംവാദങ്ങളിലും സ്കൂൾ വിദ്യാർഥികൾക്കടക്കം പങ്കെടുക്കാമെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു.

(പി.ആർ.ഒ./39/172/2019)

<u>ഫോട്ടോ ക്യാപ്ഷൻ</u>

അദ ഇ യോനാത്ത്

എ. അരുൺ കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ